ധനം
BUSINESS MAGAZINE





ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

## ബിസിനസിൽ മികച്ച ലീഡർഷിപ്പ് എങ്ങനെയുണ്ടാക്കാം- രണ്ടാം ഭാഗം

# സമയം തികയാതെ പോകുന്നത് എന്തുകൊണ്ട്?

### ഒരേസമയം ചെയ്യുന്ന ജോലികളുടെ എണ്ണം വർധിപ്പിക്കുന്നത് മികച്ച ഔട്ട്പുട്ടിനെ ബാധിക്കുന്നു

ഫലപ്രദമായ ലീഡർഷിപ്പിനെ കുറിച്ചുള്ള ചർച്ച ഈ ലക്കത്തിലും തുടരുകയാണ്. മാനേജ്മെന്റ് സമയം ആവശ്യത്തിന് ലഭ്യമല്ലെന്നതാണ് ഫലപ്രദമായ ലീഡർഷിപ്പിന്റെ അഭാവത്തിന് കാരണമെന്നാണ് ഞാൻ കരുതുന്നത്. ചിത്രം ഒന്നിൽ കാണുന്നത് പോലെ, ലഭ്യമായ മാനേജ്മെന്റ് സമയവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറെ സമയം ആവശ്യമായി വരുന്ന ഒട്ടേറെ കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്.

*Figure 1: Why is there a shortage of Management Time?*




എന്തുകൊണ്ട് ഇത് സംഭവിക്കുന്നു?

ഈ പ്രശ്നം വിശദമായി മനസിലാക്കാൻ നമുക്ക് ലളിതമായ ഒരു ഉദാഹരണം എടുക്കാം. എനിക്ക് ചെയ്തുതീർക്കാൻ മൂന്ന് ജോലികൾ ഉണ്ടെന്ന് കരുതുക. ഓരോന്നിനും മൂന്ന് ദിവസത്തെ ശ്രദ്ധ ആവശ്യമാണ്. സാധാരണ നിലയിൽ ഓരോ മൂന്ന് ദിവസത്തിലും ഒരു ജോലി എന്ന നിലയിൽ എന്റെ മുന്നിലേക്ക് വരും. ഈ ജോലികൾ ഒന്നിനു പുറകേ മറ്റൊന്ന് എന്ന നിലയിൽ എന്നിലേക്ക് എത്തിയാൽ പെട്ടെന്ന് തന്നെ പൂർത്തിയാക്കാനാകും. ചിത്രം രണ്ടിൽ കാണിച്ചിരിക്കുന്നതു പോലെ ടാസ്ക് നൽകി മൂന്ന് ദിവസത്തിന് ശേഷം തന്നെ.

*Figure 2: Handling Tasks that come in a Staggered Fashion*




എന്നിരുന്നാലും ഈ ജോലികൾ എല്ലാം ഒരേ സമയം വന്നാൽ ചിത്രം മൂന്നിൽ കാണിച്ചിരിക്കുന്നതു പോലെ വളരെ വൈകി, രണ്ടാമത്തെ ടാസ്ക് ആറ് ദിവസത്തിനും മൂന്നാമത്തെ ടാസ്ക് ഒമ്പത് ദിവസത്തിനും ശേഷം മാത്രമേ പൂർത്തിയാകുകയുള്ളൂ.

*Figure 3: Handling Tasks that come Simultaneously*




എല്ലാ ജോലികളും ഒരുപോലെ പ്രാധാന്യമുള്ളവയാണെന്നും തങ്ങളെക്കൊണ്ട് മാത്രമേ അത് ചെയ്യാനാവൂ എന്നും, അത് പറഞ്ഞിരിക്കുന്ന സമയത്തിൽ നിന്ന് വലിയ മാറ്റമില്ലാതെ പൂർത്തീകരിക്കേണ്ടതുണ്ടെന്നും കരുതുന്നതിനാൽ മിക്ക മാനേജർമാരും മൾട്ടി ടാസ്കിന് നിർബന്ധിതരാകുന്നു. ചിത്രം നാല് കാണുക.

*Figure 4: Multi-tasking*




മൾട്ടി ടാസ്കിംഗ് ചെയ്യുന്ന മാനേജർമാർ മൂന്ന് ജോലികളും മാറിമാറി ചെയ്യുന്നു. ഈ സാഹചര്യത്തിൽ ഓരോ ജോലിക്കും വേണ്ടി X ദിവസങ്ങൾ ചെലവഴിക്കുന്നു.

ഓരോ ജോലിയിലും മൂന്ന് ഘടകങ്ങളാണുള്ളത്. ചിത്രം അഞ്ചിൽ കാണിച്ചിരിക്കുന്നതു പോലെ സെറ്റപ്പ്, യഥാർത്ഥ ജോലി, സെറ്റ് ഡൗൺ.

*Figure 5: Components of a Task*




X ദിവസം ആവശ്യമായ ജോലി സെറ്റപ്പ്, സെറ്റ് ഡൗൺ മൂലം പൂർത്തിയാവാൻ കൂടുതൽ ദിവസം എടുക്കുന്നു. അതുകൊണ്ട് തന്നെ നേരത്തെ ചൂണ്ടിക്കാട്ടിയ ഉദാഹരണത്തേക്കാൾ കൂടുതൽ സമയം ഇതിന് എടുക്കുന്നു. ചിത്രം 6 കാണുക.

*Figure 6: Multi-Tasking Take Longer than Estimated*




ഏഴാം ദിവസം, എട്ടാം ദിവസം, ഒമ്പതാം ദിവസം എന്നിങ്ങനെ പൂർത്തിയാകേണ്ടതിന് പകരം മൂന്ന് ജോലികളും ഏഴിൽ കൂടുതൽ, എട്ടിൽ കൂടുതൽ, ഒമ്പതിൽ കൂടുതൽ ദിവസങ്ങൾ എടുത്താണ് പൂർത്തിയാകുക.

ഇത് ഓരോ നിശ്ചിത സമയത്തും ഫലപ്രദമായ ഔട്ട്പുട്ട് ലഭിക്കാത്ത സാഹചര്യത്തിലേക്ക് നയിക്കുന്നു.

അതുകൊണ്ടു തന്നെ എല്ലാവരും മൾട്ടി ടാസ്കിംഗ് മികച്ചതാണെന്ന് വിശ്വസിക്കുമ്പോൾ അത് രണ്ട് തരത്തിലുണ്ടെന്ന് ഞാൻ കരുതുന്നു. നല്ല മൾട്ടി ടാസ്കിംഗും മോശം മൾട്ടി ടാസ്കിംഗും. ചിത്രം ഏഴ് കാണുക.

*Figure 7: Types of Multi-tasking*




ഒരൊറ്റ ടാസ്കിൽ മാത്രം ശ്രദ്ധിക്കുന്നവർക്ക് മാനേജ്മെന്റ് സമയം പൂർണമായും വിനിയോഗിക്കാനാവില്ല എന്നതിനാൽ അത് മോശം മൾട്ടി ടാസ്കിംഗ് ആണ്. ഒരേസമയം ഒന്നിലധികം ടാസ്ക് ഏറ്റെടുക്കുകയും നിശ്ചിത സമയത്തിനകത്തെ ഔട്ട്പുട്ട് മികച്ചതായി കൊണ്ടിരിക്കുകയും ഒരവസരത്തിൽ അത് പരമാവധിയിൽ എത്തുകയും ചെയ്യുമ്പോൾ നല്ല മൾട്ടി ടാസ്കിംഗ് കൈവരിച്ചു എന്നുപറയാം.

ഒരേസമയം ചെയ്യുന്ന ജോലികളുടെ എണ്ണം വർധിപ്പിക്കുന്നത് നിശ്ചിത സമയത്തെ മികച്ച ഔട്ട്പുട്ടിനെ ബാധിക്കുന്നു. സെറ്റപ്പ്, സെറ്റ് ഡൗൺ എന്നിവ കൂടുതൽ സമയം അപഹരിക്കുന്നതാണ് കാരണം. ഇത് മോശം മൾട്ടി ടാസ്കിംഗിലേക്ക് നയിക്കുന്നു.

ചിത്രം ഒന്നിൽ കാണുന്നതു പോലെ മിക്ക മാനേജർമാർക്കും ഏൽപ്പിച്ച ജോലി പൂർത്തിയാക്കാൻ ആവശ്യമായ മാനേജ്മെന്റ് സമയം ലഭ്യമാകാതെ പോകുന്നതിന്റെ പ്രധാന കാരണം ഇതാണ്. ■

*തുടരും*